(ഡി) പുതുതായി അനുവദിച്ച റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. ബസ്സുകളുടെയും ജീവനക്കാരുടെയും കുറവു കാരണം കൂടുതൽ സർവ്വീസുകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

81 (1813) കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി. ആഫീസ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി താലൂക്കിന്റെ കേന്ദ്രമായ കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി. ആഫീസ് ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ വിവിധ താലൂക്കാസ്ഥാനങ്ങളിൽ ജോയിന്റ് ആർ.ടി.ആഫീസ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിഗണിച്ചു വരുകയാണ്.

82 (1814) സൂപ്പർഫാസ്റ്റിന് ഫെയർസ്റ്റേജ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കൊട്ടാരക്കര റൂട്ടിലെ എഴുകോണിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നതു സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എഴുകോണിൽ ഇറങ്ങുന്നവർ കൊട്ടാരക്കരയ്ക്കും കുണ്ടറയ്ക്കും ടിക്കറ്റെടുക്കേണ്ട സ്ഥിതി പരിഹരിക്കുന്നതിനായി എഴുകോണിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 13-8-96-ൽ ജി.ഒ. (പി)നം. 97/96/പി. ഡബ്ല്യൂ ആന്റ് റ്റി. അനുസരിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരം പുതിയ ഫെയർ സ്റ്റേജ് അനുവദിക്കാൻ നിർവാഹമില്ല.

83 (1815) അന്തർസംസ്ഥാന സർവ്വീസുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ട്രാവൽ ഏജൻസികൾ ഗോവ, ബോംബെ മുതലായ സ്ഥലങ്ങളിലേയ്ക്ക് പ്രതിദിനം സർവ്വീസ് ലാഭകരമായി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുവാനും ഗോവ, ബോംബെ മുതലായ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുവാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly